**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2280** **05-02-2026 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യ ക്വോട്ട**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 2025-26 കാലയളവിൽ സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യ ക്വാട്ട എത്രയാണെന്ന് വിശദമാക്കാമോ; | (എ) | 2025-26 സാമ്പത്തിക വർഷത്തിൽ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് 14.25 ലക്ഷം മെ. ടൺ ഭക്ഷ്യധാന്യമാണ് (അരി + ഗോതമ്പ്) ലഭിച്ചത്. |
| (ബി) | നിലവിലെ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തിന് അനുവദിച്ച ഭക്ഷ്യധാന്യ ക്വാട്ടയിൽ എത്ര ശതമാനം ഇതുവരെ പൂർണ്ണമായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ; വിനിയോഗിക്കാതെ ബാക്കിയുള്ള ഭക്ഷ്യധാന്യത്തിന്റെ അളവ് എത്രയാണെന്നും, അവ കൃത്യസമയത്ത് വിതരണം ചെയ്യാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ കേന്ദ്ര സർക്കാർ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് 2021 മെയ് മുതൽ 2026 ജനുവരി വരെ അനുവദിച്ച 66,87,827.321 MT ഭക്ഷ്യധാന്യം വിട്ടെടുത്തിട്ടുണ്ട്. അതിൽ 64,53,483.056 MT ഭക്ഷ്യധാന്യം പൊതുവിതരണ സംവിധാനം വഴി വിതരണം നടത്തിയിട്ടുണ്ട്. ആയതിൽ 96% ഭക്ഷ്യധാന്യങ്ങളാണ് നാളിതുവരെ വിതരണം നടത്തിയിട്ടുള്ളത്.<br>നിലവിൽ 2026 ജനുവരി മാസത്തെ വിതരണം നടന്നു വരുന്നതിനാൽ നീക്കിയിരിപ്പുള്ള ഭക്ഷ്യധാന്യത്തിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല, എന്നിരുന്നാലും 31.01.2026 04:00 PM വരെയുള്ള വിതരണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ 92,134.257 MT ഭക്ഷ്യധാന്യങ്ങൾ നീക്കിയിരിപ്പ് ഉണ്ട്.<br><br>എല്ലാ റേഷൻ കാർഡുടമകളും പൂർണ്ണമായും റേഷൻ വാങ്ങാത്തതിനാൽ എല്ലാ സ്കീമുകളിലും ഓരോ മാസവും ഭക്ഷ്യധാന്യ നീക്കിയിരിപ്പ് ഉണ്ടാകാറുണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ച് നല്കിയിട്ടുള്ള പ്രതിമാസ അലോക്കേഷൻ അളവിനെ അധികരിച്ച് പ്രതിമാസ വിതരണം നടത്തുവാൻ പാടില്ല എന്ന നിബന്ധന (Ceiling) നിലനിൽക്കുന്നതിനാൽ ഇപ്രകാരം നീക്കിയിരിപ്പ് വരുന്ന ഭക്ഷ്യധാന്യം അധികമായി റേഷൻ കാർഡുടമകൾക്ക് തുടർന്നുള്ള മാസങ്ങളിൽ വിതരണം ചെയ്ത് തീർക്കുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ